ഏഴ്

# എന്നും വിശുദ്ധമായ പ്രചോദനം

പ്രൊഫ. എം.കെ. സാനു

നല്ല കർമ്മങ്ങളാൽ ജീവിതം ധന്യമാക്കുന്നവരാണ് യഥാർത്ഥത്തിൽ അനുഗൃഹീതർ. നല്ല കർമങ്ങൾ എന്നതുകൊണ്ട് മാനവരാശിയെ സമുദ്ധരിക്കുന്ന കർമങ്ങൾ എന്ന അർഥമാണ് ഉദ്ദേശിക്കുന്നത്. സ്വാർഥചിന്തയുടെ പരിമിതികളിലൊതുങ്ങാതെ ചിലർ അന്യജീവിതങ്ങൾക്ക് ആശ്വാസവും ശ്രേയസും നൽകുന്നതിനെപ്പറ്റി മാത്രം ചിന്തിക്കുന്നു; ചിന്തയ്ക്കനുസരണമായി പ്രവൃത്തികളിൽ മുഴുകുകയും ചെയ്യുന്നു. ഇപ്രകാരം പരോപകാരത്തിനുവേണ്ടി ആത്മാർപ്പണം ചെയ്യുന്നവരെയാണ് നാം പുണ്യാത്മാക്കൾ എന്നു വിളിക്കുന്നത്. അവരത്രെ അനുഗൃഹീതർ.

സാധാരണക്കാരായ മനുഷ്യർ തങ്ങളുടെ മരണത്തോടുകൂടി വിസ്മൃതിയിൽ തിരോഭവിക്കുന്നു. അനുഗൃഹീതരാകട്ടെ, മരണത്തിനുശേഷം ചരിത്രത്തിന്റെ ആകാശത്തിൽ നിത്യമായ വെളിച്ചത്തിന്റെ നിർഭയ വാഗ്ദാനമായി പരിലസിക്കുന്നു. അത്തരം ഒരു ഭാസുരനക്ഷത്രമാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ.

1805-ൽ കേരളക്കരയുടെ ഭാഗ്യജാതകമായി ജന്മമെടുത്ത ചാവറയച്ചൻ പത്താം വയസിൽ സെമിനാരിയിൽ ചേർന്നു. നൈസർഗികമായ അഭിരുചിയാൽ മാത്രം പ്രേരിതനായിട്ടാണ് അദ്ദേഹം ആ ഇളംപ്രായത്തിൽ ആധ്യാത്മികജീവിതത്തിലേക്കു കാലൂന്നിയത്.

യഥാർത്ഥമായ ആധ്യാത്മികജീവിതം ജന്മവാസനയുടെ പരിണതഫലമാണ്. അതുള്ളവർക്ക് അക്ഷയമായ ആത്മീയ ശക്തിയോടുകൂടി മാനവരാശിയുടെ ഭൗതികക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള ശേഷിയുണ്ടായിരിക്കുകയും ചെയ്യും. ആത്മീയവും ഭൗതികവുമായ കർമങ്ങൾ ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണെന്നതാണ് സത്യം. അവ പരസ്പരപൂരകങ്ങളാണ്; ഒരിക്കലും പരസ്പരവിരുദ്ധങ്ങളല്ല. ആത്മീയാചാര്യന്മാരുടെ

ജീവിതങ്ങൾ ഈ പാഠമാണ് നമ്മെ പഠിപ്പിക്കുന്നത്. ശ്രീബുദ്ധനും യേശുക്രിസ്തുവും പ്രവാചകനായ നബിയും ഈ സത്യത്തിന്റെ സമുജ്ജ്വലമാതൃകകൾ.

അതേ മാതൃകയാണ് ചാവറയച്ചന്റെ ജീവിതം ലോകത്തിനു കാഴ്ച വച്ചത്. പ്രലോഭനങ്ങളെയും പ്രതിബന്ധങ്ങളെയും അതിലംഘിച്ചുകൊണ്ട് ആത്മീയജീവിതത്തിന്റെ ഉന്നതമേഖലകളിലേക്ക് അദ്ദേഹം ഉയർന്നു. തന്റെ ദൈവീകാനുഭവങ്ങൾ അദ്ദേഹം ഹൃദയസ്പർശിയായി സ്വകൃതികളിൽ ആവിഷ്കരിച്ചിട്ടുണ്ട്. ആ അനുഭവങ്ങളിൽനിന്നു നേടിയ വെളിച്ചം സഹജാതരുടെ ഹൃദയങ്ങളിലെത്തിക്കുക എന്നത് വിശുദ്ധമായ കടമയായി അദ്ദേഹം ഏറ്റെടുക്കുകയും ചെയ്തു.

ഇടവകകൾതോറും വിദ്യാലയങ്ങൾ സ്ഥാപിച്ച് പുതിയ തലമുറയെ പ്രബുദ്ധരാക്കിത്തീർക്കാൻ ചാവറയച്ചൻ അക്ഷീണം പ്രയത്നിച്ചു. ബുദ്ധിമുട്ടുകൾ അല്പമൊന്നുമല്ല അദ്ദേഹത്തെ നേരിട്ടത്. പക്ഷേ, അവയെ വെല്ലാനുള്ള ഇച്ഛാശക്തിയും പ്രവർത്തനശേഷിയും അദ്ദേഹം എപ്പോഴും പ്രകടമാക്കി. ജാതിവ്യവസ്ഥയുടെ ക്രൂരതമൂലം അടിമകളെപ്പോലെ കഴിഞ്ഞുകൂടിയിരുന്ന കീഴ്ജാതിക്കാർക്ക് വിദ്യാഭ്യാസത്തിന്റെ ഗുണം ലഭിക്കുന്നതിനുവേണ്ടി ചാവറയച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ അത് വിപ്ലവം തന്നെയായിരുന്നു എന്നു പറയണം.

അനാഥർക്കുവേണ്ടി അഭയനികേതങ്ങൾ സ്ഥാപിക്കുന്നതിലും അദ്ദേഹം ശ്രദ്ധാപൂർവ്വം ഉത്സാഹിച്ചു. അതോടൊപ്പം വാർധക്യത്തിന്റെ പരാധീനത മൂലം വിഷമിക്കുന്നവർക്ക് ആതുരാലയങ്ങൾ ഉണ്ടാക്കുകയും ചെയ്തു. എവിടെയെല്ലാം മനുഷ്യൻ അശരണതയനുഭവിക്കുന്നുവോ, അവിടെയെല്ലാം അഭയത്തിന്റെയും ആശ്വാസത്തിന്റെയും സന്ദേശവുമായി ചാവറയച്ചൻ ഒരു ദൈവദൂതനെപ്പോലെ ചെന്നെത്തി.

അദ്ധ്യാത്മജ്ഞാനവും ആധുനിക വിജ്ഞാനവും ഒരുപോലെ പ്രചരിപ്പിക്കാൻ അദ്ദേഹം നിരന്തരം പരിശ്രമിച്ചുപോന്നു. ആ പരിശ്രമത്തിന്റെ ഭാഗമായിട്ടാണ് അദ്ദേഹം അച്ചടിശാല സ്ഥാപിച്ചത്. നല്ല നല്ല പുസ്തകങ്ങൾ അവിടെ അച്ചടിച്ചു തയ്യാറാക്കി. ജനങ്ങൾക്കിടയിൽ അവ വിതരണം ചെയ്യാൻ ശ്രദ്ധിക്കുകയും ചെയ്തു. സാക്ഷരതയുടെയും പ്രബുദ്ധതയുടെയും മഹാസന്ദേശം കേരളത്തിൽ ആദ്യമായി പ്രാവർത്തികമാക്കുന്നതു വാഴ്ത്തപ്പെട്ട ചാവറയച്ചനാണെന്ന് പറയുന്നതിൽ തെറ്റില്ല.

അതോടൊപ്പം കേരളീയരെ ആത്മീയചൈതന്യത്തിന്റെ അവകാശികളാക്കുന്നതിനുവേണ്ടി അദ്ദേഹം സന്യാസസഭ സ്ഥാപിച്ചു. ഭാരതത്തിൽ ആദ്യമായി സ്ഥാപിച്ച സന്യാസസഭയാണത്. ആ സഭയെ നവോത്ഥാനത്തിന്റെ മാധ്യമമായി അദ്ദേഹം പ്രവർത്തിപ്പിക്കുകയും ചെയ്തു. അധഃ

കൃതോദ്ധാരണം ലക്ഷ്യമാക്കിക്കൊണ്ട് അദ്ദേഹം രൂപം നൽകിയ *സാധു മന്ദിരം* കേരളം എന്ന ഭ്രാന്താലയത്തിൽ മാറ്റത്തിന്റെ ചലനങ്ങൾ സൃഷ്ടിച്ചു. ആ ചലനങ്ങൾ ഇന്നും നിലനിൽക്കുന്നു.

ആത്മീയമായ സിദ്ധിവിശേഷങ്ങളുടെ ഊർജത്താൽ ലൗകികജീവിതത്തെ ദീപ്തമാക്കുന്നതിനുള്ള പരിശ്രമങ്ങൾ ചാവറയച്ചൻ ജീവിതാന്ത്യം (1871) വരെ തുടർന്നു. അതൊരു കർമയോഗിയുടെ ജീവിതമായിരുന്നു. ആത്മീയമൂല്യങ്ങളും ആശയങ്ങളും കർമങ്ങളും കാവ്യലാവണ്യവും ആ മഹനീയ ജീവിതത്തിൽ, ഒരു ഇതിഹാസത്തിലെന്നപോലെ, സമ്മേളിക്കുന്നു. ആ ജീവിതശില്പം ഭാവിതലമുറകൾക്ക് എക്കാലത്തും വിശുദ്ധമായ പ്രചോദനമായിരിക്കും.

■